**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

| | |
|---|---|
| **നക്ഷത്രചിഹ്നമിട്ട** | **27/10/2016 ൽ** |
| **നിയമസഭാ ചോദ്യം നം.*558** | **മറുപടിയ്ക്ക്** |

**തരിശു നിലങ്ങളിൽ അത്യുൽപ്പാദന ശേഷിയുള്ള കശുമാവ് കൃഷി**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ.അടൂർ പ്രകാശ്** | **മേഴ്സിക്കുട്ടി അമ്മ** |
| **ശ്രീ.വി.ഡി.സതീശൻ** | **(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും** |
| **ശ്രീ.എം.വിൻസെന്റ്** | **കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി )** |
| **ശ്രീ.റോജി.എം.ജോൺ** | |

| | |
|---|---|
| (എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ അധീനതയിലുള്ള തരിശു നിലങ്ങളിൽ അത്യുൽപ്പാദന ശേഷിയുള്ള കശുമാവ് കൃഷി തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദമാക്കുമോ ; | (എ) കേരള സ്റ്റേറ്റ് കശുമാവ് കൃഷി വികസന ഏജൻസിയുടെ നേതൃത്വത്തിൽ കശുമാവ് കൃഷി ചെയ്തു വരികയാണ്. എന്നാൽ കശുവണ്ടി വ്യവസായാവശ്യത്തിന് തോട്ടണ്ടി തദ്ദേശീയമായി ഉല്പാദിപ്പിക്കുന്നതിനായി സർക്കാർ ഉടമസ്ഥതയിലുള്ള തരിശു ഭൂമികളിൽ വിപുലമായ രീതിയിൽ കശുമാവ് കൃഷി ചെയ്യുന്നതിനെക്കുറിച്ച് ആലോചിക്കുന്നതിന് വനം, കൃഷി, തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിമാരുമായും വകുപ്പ് തലവൻ മാരുമായും ചർച്ച നടത്തുകയുണ്ടായി. പദ്ധതി നടപ്പാക്കാൻ ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. കൂടാതെ ഡാം സൈറ്റുകളുടെ കരയിലുള്ള ഭൂമി ഇതിനായി ഉപയോഗപ്പെടുത്തു ന്നതിനെക്കുറിച്ചും ആലോചിച്ചു വരികയാണ്. |
| (ബി) തരിശു നിലങ്ങൾ കശുമാവ് കൃഷിക്ക് അനുയോജ്യമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദാംശ | (ബി) പരിശോധിച്ചിട്ടുണ്ട്. കശുമാവ് കൃഷിയ്ക്ക് താരതമ്യേന ഫലഭൂയിഷ്ഠി കുറഞ്ഞ മണ്ണും |

| | | |
|---|---|---|
| | ങ്ങൾ എന്തെല്ലാം ; | അനുയോജ്യമാണ്. അതുപോലെ മറ്റ് പല കൃഷികൾക്കും അനുയോജ്യമല്ലാത്ത Laterite Soil (ചെങ്കൽ പ്രദേശം) കശുമാവിന് യോജിക്കും. കളിമണ്ണ് പ്രദേശങ്ങളും വെള്ളം തങ്ങിനിൽക്കുന്ന വെള്ളക്കെട്ട് പ്രദേശങ്ങളും ഒഴികെയുള്ള തരിശു കിടക്കുന്ന മിക്ക പ്രദേശങ്ങളും കശുമാവ് കൃഷിയ്ക്ക് അനുയോജ്യമാണ്. |
| (സി) | ഇതുവഴി എത്ര ടൺ കശുവണ്ടി ആണ് അധികമായി ഉല്പാദിപ്പിക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ? | (സി) സംസ്ഥാനത്തെ കശുവണ്ടി വ്യവസായത്തിനാവശ്യമായ തോട്ടണ്ടി തദ്ദേശീയമായി ഉല്പാദിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ